**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5255** **02-11-2021 - ൽ മറുപടിയ്ക്ക്**

**ലോഫ്ലോർ ബസ് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്ര ലോഫ്ലോർ ബസ്സുകൾ നിലവിൽ സർവ്വീസ് നടത്തുന്നുണ്ട്; എത്ര ബസ്സുകൾക്ക് പ്രവർത്തനരഹിതമായി വിവിധ ഗ്യാരേജുകളിൽ സൂക്ഷിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | 26.10.2021-ലെ കണക്കനുസരിച്ച് 190 എ.സി., 529 നോൺ എ.സി. ഉൾപ്പെടെ 719 ലോ ഫ്ലോർ ബസുകളാണ് സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.യുടെ കൈവശമുള്ളത്. ഇതിൽ 106 ബസുകളാണ് നിലവിൽ സർവ്വീസ് നടത്തുന്നത്. ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ടും സിറ്റി സർക്കുലർ സർവ്വീസായും കൂടുതൽ ബസുകൾ ഉടൻ സർവ്വീസ് ആരംഭിക്കുന്നതാണ്. നിലവിൽ, 85 എ.സി. ലോ ഫ്ലോർ ബസ്സുകളും 43 നോൺ എ.സി. ഫ്രെണ്ട് എഞ്ചിൻ സെമി ലോ ഫ്ലോർ ബസ്സുകളും ഉൾപ്പെടെ 128 ബസുകൾ അറ്റകുറ്റ പണികൾക്കായി വിവിധ വർക്ക്ഷോപ്പ് / ഡിപ്പോ ഗ്യാരേജുകളിൽ പാർക്ക് ചെയ്തിട്ടുണ്ട്. |
| (ബി) | ഇത്രയധികം ബസ്സുകൾ പ്രവർത്തന രഹിതമാകുന്നതിന് കാരണമെന്താണെന്ന് വ്യക്തമാക്കുമോ; കെ.എസ്.ആർ.ടി.സി. ലോഫ്ലോർ ബസ് സർവ്വീസ് അവസാനിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ലോഫ്ലോർ ബസ് സർവ്വീസുകൾ ലാഭകരമല്ല എന്ന് വിലയിരുത്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | കോവിഡ് ഭീതി കാരണം ഇപ്പോഴും പൊതുജനങ്ങൾ എ.സി. ബസ്സിൽ യാത്ര ചെയ്യാൻ വിമുഖത കാണിക്കുകയാണ്. ആയതിനാൽ പരിമിതമായ എ.സി. ലോ ഫ്ലോർ ബസ്സുകളാണ് സർവ്വീസിന് ഉപയോഗിക്കുന്നത്. നിലവിലെ സാഹചര്യത്തിൽ കൂടുതൽ എ.സി. ലോ ഫ്ലോർ ബസ്സുകൾ സർവ്വീസിന് ആവശ്യമില്ലാത്തതിനാലാണ് കൂടുതൽ തുക ചെലവഴിച്ച് പ്രസ്തുത ബസ്സുകൾ സർവ്വീസിന് സജ്ജമാക്കാത്തത്. ഇതിനുപുറമെ വർദ്ധിച്ച ഇന്ധന ചെലവ്, സ്പെയർ പാട്സുകളുടെ വർദ്ധിച്ച വിലയും, ലഭ്യത കുറവും, കോർപ്പറേഷന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധിയും പ്രസ്തുത ബസ്സുകൾ സർവ്വീസിന് സജ്ജമാക്കുന്നതിന് തടസ്സമാകുന്നുണ്ട്. ലോ ഫ്ളോർ ബസ്സുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും ജനോപകാരപ്രദമായ രീതിയിൽ സർവ്വീസുകൾ ക്രമീകരിക്കുന്നതിനും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. സിറ്റി സർക്കുലർ 108 ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് നഗര പരിധിയിൽ സർക്കുലർ സർവ്വീസുകൾ ആരംഭിക്കുന്നതിന് പദ്ധതി |

അന്തിമ ഘട്ടത്തിലാണ്. പദ്ധതിയുടെ ആദ്യ ട്രയലും രണ്ടാം ട്രയലും തിരുവനന്തപുരത്ത് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതി 2021 നവംബർ മാസം മുതൽ നടപ്പിലാക്കുവാനാണ് നിലവിൽ വിഭാവനം ചെയ്തിരിക്കുന്നത്. ടി പദ്ധതിയുടെ വിജയത്തിനുശേഷം കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ കൂടി ഇത്തരം ബസ് ഉപയോഗിച്ച് സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി.യ്ക്ക് പദ്ധതിയുണ്ട്. സമുദ്ര ബസ് പദ്ധതി മത്സ്യവിപണനത്തിനായി തീരദേശത്ത് നിന്നും വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും യാത്ര ചെയ്യുന്ന ദരിദ്രരായ വനിതാ തൊഴിലാളികൾ നിലവിൽ അമിത ചാർജ് നൽകി ഓട്ടോറിക്ഷകളെയാണ് ആശ്രയിക്കുന്നത്. രാവിലേയും രാത്രിയിലും പല സ്ഥലങ്ങളിൽ നിന്നും യാത്ര ചെയ്യുന്ന ഇവർക്ക് ഓട്ടോറിക്കാക്കൂലി ഭാരമാകുന്നു എന്ന് മാത്രമല്ല രാത്രി കാലങ്ങളിൽ തിരികെ പോകാൻ അവ ലഭ്യമാകാത്ത സ്ഥിതിയും ഉണ്ട്. ഇതിന് പരിഹാരമെന്ന നിലയിൽ പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽ നിന്നും സിറ്റിയ്ക്കുള്ളില വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യ തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേക സംവിധാനങ്ങളോടു കൂടിയ പ്രത്യേക നിറത്തിലുള്ള 3 ലോ ഫ്ളോർ സ്പെഷ്യൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി.യ്ക്ക് 67.5 ലക്ഷം രൂപ വാർഷിക ഗ്രാന്റ് ലഭ്യമാകുന്ന രീതിയിൽ ഫിഷറീസ് വകുപ്പിന് കരാർ വ്യവസ്ഥയിൽ നൽകി സർവ്വീസ് വിജകരമായി നടത്തി വരുന്നു. ഇത്തരം സർവ്വീസുകൾ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനും പദ്ധതിയുണ്ട്. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് വിനോദ സഞ്ചാരികൾക്കായുള്ള സർവ്വീസ് കെ.എസ്.ആർ.ടി.സി. ലോഫ്ളോർ എ.സി. ബസ്സുകളിലും, ദീർഘദൂര മൾട്ടി ആക്സിൽ സർവീസുകളിലും ഇ-ബൈക്ക്, ഇ-സ്കൂട്ടർ, സൈക്കിൾ തുടങ്ങിയ ഇരു ചക്രവാഹനങ്ങൾ യാത്രക്കാരുടെ ഒപ്പം കൊണ്ടു പോകുന്നതിന് പദ്ധതി നടപ്പിലാക്കുന്നതാണ്. ഇതിന്റെ വിവരശേഖരണം നടത്തി വ്യാപനമാക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ബൈപ്പാസ് റൈഡർ / ചെയിൻ സർവ്വീസുകൾ / വിമാനത്താവളങ്ങളിലേയ്ക്കുള്ള സർവ്വീസുകൾ ലോ ഫ്ളോർ എ.സി. ബസ്സുകൾ കൂടി ഉപയോഗിച്ച് രാത്രിയിലും പകലുമായി ഒരുപോലെ, ഒരു മണിക്കൂർ ഇടവേളകളിൽ തിരുവനന്തപുരം - കോഴിക്കോട് സർവ്വീസുകൾ NH, MC റോഡുകൾ വഴി ബൈപാസ് റൈഡർ ആയി ഓപ്പറേറ്റ്

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം-എറണാകുളം, എറണാകുളം-കോഴിക്കോട് ചെയിൻ സർവ്വീസുകൾ, വിമാനത്താവളങ്ങളിലേയ്ക്കുള്ള ഗൾഫ് കണക്ട് സർവ്വീസുകൾ എന്നിവ കോവിഡ് നിയന്ത്രണങ്ങൾ കുറയുന്ന മുറയ്ക്ക് എ.സി. ലോ ഫ്ളോർ ബസ്സുകൾ ഉപയോഗിച്ച് അധിക യാത്രാ സൗകര്യവും അത് വഴി വരുമാന വർദ്ധനവും ലക്ഷ്യമിട്ടിട്ടുണ്ട്. ഇത്തരത്തിൽ കോവിഡ് നിയന്ത്രണങ്ങളാൽ നിർത്തി വച്ച എ.സി ബസ്സുകളടക്കം വീണ്ടും സർവ്വീസ് നടത്തുന്നതിന് മേൽ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. KURTC-യുടെ കീഴിൽ സർവ്വീസ് നടത്തുന്ന ലോ ഫ്ളോർ ബസ്സുകൾ (AC & non-AC) ലാഭകരമാണോ എന്ന കണക്ക് പ്രത്യേകമായി തയ്യാറാക്കിയിട്ടില്ല. എന്നാൽ KURTC-യുടെ വാർഷിക അക്കൗണ്ട്സ് 2015-16 വരെ തയ്യാറാക്കിയിട്ടുണ്ട്. ടി വർഷത്തെ കണക്ക് അനുസരിച്ച് KURTC-യ്ക്ക് 34.25 കോടി രൂപ നഷ്ടം കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ